# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4434 — 28.06.2012 ൽ -മറുപടിക്ക്

## റേഷൻ ഡീലർമാരുടെ പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ ഡീലർമാർ സമര പ്രഖ്യാപനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുവാനും റേഷൻ മുടങ്ങിയാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ? | (ബി) | 11.06.12-ൽ മന്ത്രിതലത്തിൽ കോഴിക്കോട് ജില്ലയിലെ റേഷൻ വ്യാപാരി സംഘടനകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വിളിക്കുകയും സമരത്തിനാധാരമായ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധനവ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അന്തിമ ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ വെള്ളയിൽ സപ്ലൈകോ സബ് ഡിപ്പോയുമായി ബന്ധപ്പെട്ട് റേഷൻ വിതരണത്തിലുള്ള റേഷൻ വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർമാർക്കും സപ്ലൈകോ സി.എം.ഡി.- യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ റേഷൻ ഡീലർമാർ സമരം പിൻവലിച്ചതായി കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ